# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *187 – 06/12/2018 -ലെ മറുപടിക്ക്

## കേരള പുനർനിർമ്മാണത്തിന് ധനവിഭവ സമാഹരണം

ചോദ്യം

ശ്രീ. വി. ടി. ബൽറാം

ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. അനൂപ് ജേക്കബ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കേരള പുനർനിർമ്മാണത്തിന് ഏതെല്ലാം ധനകാര്യ സ്രോതസുകളിൽനിന്നാണ് ധനവിഭവ സമാഹരണത്തിന് ശ്രമിക്കുന്നതെന്ന് വിശദമാക്കാമോ; | പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്യുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക മേൽചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി പുനക്രമീകരിക്കുന്നതിലൂടെ |

| | | |
|---|---|---|
| | | ലഭിക്കുന്ന തുകയും പുനർനിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി | വായ്പ പരിധി ഉയർത്താതെ കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ തുക കണ്ടെത്താൻ സാധ്യമാകുമോ; | ആർ.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരവും പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരവും സംസ്ഥാനത്തിനുണ്ടായ നഷ്ടം യഥാക്രമം 25050 കോടി രൂപയും 26996 കോടി രൂപയുമാണ്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാർ / വിദേശ സഹായ ഏജൻസികളിൽ നിന്ന് പ്രതീക്ഷിക്കുന്ന വായ്പകളും RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പയും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി പുനക്രമീകരിക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നവകേരള സൃഷ്ടിയ്ക്കായുള്ള ധനവിഭവ സമാഹരണത്തിന്റെ ഏറിയ പങ്കും ലോക ബാങ്ക് അടക്കമുള്ള വിദേശ സഹായ ഏജൻസികളിൽ നിന്നുമാണ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പി യുടെ 3 ശതമാനത്തിൽ നിന്നും ഉയർത്താതെ നടപ്പുവർഷത്തിലെ വായ്പാ പരിധിയായ 22353 കോടി രൂപയ്ക്കു പുറമേയുള്ള വായ്പ സ്വീകരിക്കാൻ കഴിയുന്നതല്ല. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 -ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുവാൻ ലോകബാങ്കിനോട് കേന്ദ്രസർക്കാർ ശുപാർശ ചെയ്തിട്ടുണ്ട്. |
| സി | വായ്പ പരിധി ഉയർത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | |
| ഡി | ലോക ബാങ്ക് അടക്കമുള്ള സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ സ്വീകരിക്കുന്നതിൽ വായ്പാ പരിധി തടസ്സമാകില്ലേ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ